Nidas

NISH Online Interactive Disability Awareness Seminar- 40

Frequently Asked Questions (FAQ)

**കോക്ലിയർ ഇംപ്ലാന്റിന് ശേഷമുള്ള സംസാര-ഭാഷ വികസനം: അറിഞ്ഞിരിക്കേണ്ട വസ്തുതകൾ** 18 മെയ് 2019

**1. എന്താണ് കോക്ലിയർ ഇംപ്ളാൻറ്?**

ശസ്ത്രക്രിയയിലൂടെ സ്ഥാപിക്കുന്ന ന്യൂറോ പ്രോസ്തറ്റിക് ഉപകരണമാണ് കോക്ലിയർ ഇംപ്ലാൻറ് (സി.ഐ). ആന്തരിക കർണത്തിന്റെ ഭാഗമായ ശ്രവണനാഡിയെ ഉത്തേജിപ്പിക്കുന്നതിനും ശബ്ദം നന്നായി കേൾക്കുന്നതിനും സഹായിക്കുന്ന ഒരു ഉപകരണമാണ് ഇത്.

**2. അതിന്റെ ഗുണങ്ങൾ/പ്രയോജനങ്ങൾ എന്തെല്ലാമാണ്?**

എല്ലാ ശബ്ദങ്ങളും വ്യക്തമായി കേൾക്കാൻ സഹായിക്കുക.,സംസാരത്തിൽ വ്യക്തത ഉണ്ടാക്കുക, സംസാരം മനസിലാക്കാൻ കഴിയുക, ശബ്ദമയമായ അന്തരീക്ഷത്തിൽ പോലും വ്യക്തമായി കേൾക്കാനുള്ള മികച്ച ശേഷി കൈവരിക, എ ന്നിവയാണ് കോക്ലിയർ ഇംപ്ലാൻറ് ഉപയോഗിക്കുന്നതിൻറെ ചില പ്രധാന ഗുണങ്ങൾ.

**3. ആർക്കെല്ലാം കോക്ലിയർ ഇംപ്ളാൻറ് ചെയ്യാൻ സാധിക്കും?**

- 12 മാസത്തിനു മുകളിൽ പ്രായമുള്ള കുട്ടികൾ, മുതിർന്നവർ.
- ശ്രവണസഹായിയിൽ നിന്നും വേണ്ടത്ര ഉപയോഗം ലഭിക്കാത്തവർ
- രണ്ട് ചെവിയിലും സിവ്യർ മുതൽ പ്രൊഫൗണ്ട് വരെയുള്ള കേൾവിക്കുറവുള്ളവർ
- ശ്രവണസഹായി ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ പര്യാപ്തമായ ശരീരഘടനയും ചെവിയുടെ ഘടനയും ഉള്ളവർ.
- ഉപകരണം ഉപയോഗിക്കാൻ കഴിയാത്ത രീതിയിലുള്ള ആരോഗ്യ പ്രശ്നങ്ങൾ ഒന്നും ഇല്ലാത്തവർ.

**4. കോക്ലിയർ ഇംപ്ലാന്റേഷന് ശേഷം കുട്ടികൾക്ക് സംസാര ഭാഷ വികസനത്തിന് ഏതെങ്കിലും തരത്തിലുള്ള പ്രത്യേക പരിശീലനം ആവശ്യമാണോ?**

തീർച്ചയായും. സംസാര ഭാഷ വൈദഗ്ധ്യത്തിനായി കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകേണ്ടത് അത്യാവശ്യമാണ്. അതിനായി ഓഡിറ്ററി വെർബൽ തെറാപ്പി (എ.വി.ടി.) പ്രയോജനപ്പെടുത്താവുന്നതാണ്. എന്നാൽ എല്ലാ കുട്ടികൾക്കും എ.വി.ടി. ഒരുപോലെ പ്രയോജനം ചെയ്യണമെന്നില്ല. അതിനാൽ

Nidas

കുട്ടിയുടെ കേൾവിപരിമിതിയുടെ തോതിനോടൊപ്പം നിലവിലെ അവസ്ഥയും ഇംപ്ലാന്റ് ചെയ്യുന്ന പ്രായവും അതോടൊപ്പം മറ്റേതെങ്കിലും ശാരീരിക മാനസിക വെല്ലുവികൾ ഉണ്ടോ എന്നതും മനസിലാക്കി അതിനനുസൃതമായ പരിശീലനം കൊടുക്കേണ്ടത് അത്യാവശ്യമാണ്.

5. **എന്തു കൊണ്ടാണ് കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞ കുട്ടികൾക്ക് സംസാര ഭാഷ പരിശീലനം ആവശ്യമായി വരുന്നത്?**

കേൾവിയുള്ള കുട്ടികൾ, അവർ കേൾക്കുന്ന ഭാഷ സ്വാഭാവികമായി തന്നെ ആർജ്ജിക്കുന്നു. എന്നാൽ കേൾവി പരിമിതിയുള്ള കുട്ടികൾക്ക് അവരുടെ ശ്രവണേന്ദ്രിയത്തെ ഉത്തേജിപ്പിക്കുന്ന തരത്തിൽ തീവ്രമായ പരിശീലനം ആവശ്യമാണ്. ഇവർക്ക് കേൾവിയെകുറിച്ച് മുൻകാല ധാരണ ഇല്ലാത്തതിനാൽ പരിശീലനത്തിലൂടെ മാത്രമേ സംസാര ഭാഷ വികസനം നടക്കുകയുള്ളൂ.

6. **എപ്പോഴാണ് പരിശീലനം തുടങ്ങേണ്ടത്?**

ശസ്ത്രക്രിയയുടെ മുറിവ് ഉണങ്ങി, മാപ്പിംഗ് പൂർത്തിയായ ഉടനെ തന്നെ പരിശീലനം ആരംഭിക്കാവുന്നതാണ്. സാധാരണയായി ശസ്ത്രക്രിയ കഴിഞ്ഞു രണ്ടാഴ്ച്ചക്കുള്ളിൽ തന്നെ മുറിവുണങ്ങുകയും അടുത്ത മൂന്നാഴ്ചക്കുള്ളി ൽ മാപ്പിങ്ങും നടക്കുന്നു. അതിനു ശേഷം ഉടനെ തന്നെ പരിശീലനം ആരംഭിക്കാവുന്നതാണ്.

7. **കോക്ലിയർ ഇംപ്ലാന്റേഷനിലൂടെ എല്ലാ കുട്ടികൾക്കും ഒരേ തരത്തിലുള്ള സംസാര ഭാഷ വികസനമാണോ ഉണ്ടാകുന്നത്?**

ഇല്ല, ഓരോ കുട്ടികളിലും വ്യത്യസ്തമായ രീതിയിലായിരിക്കും സംസാര ഭാഷ വികസനം നടക്കുന്നത്. ഇത് പല ഘടകങ്ങളെയും ആശ്രയിച്ചിരിക്കുന്നു. ഉദാഹരണമായി:

- ഏതുതരത്തിലുള്ള പരിശീലനമാണ് നേടിയത്
- കോക്ലിയർ ഇംപ്ലാന്റേഷൻ നടന്ന പ്രായം
- കേൾവിയുമായി ബന്ധപ്പെട്ട മുൻകാല അനുഭവങ്ങൾ
- മാതാപിതാക്കളുടെ പ്രചോദനം
- ഇടപെടൽ (ഇൻറർവെൻഷൻ)
- ഭാഷ എത്രത്തോളം കേൾക്കുന്നു
- ഇംപ്ളാൻറ് എത്രമാത്രം ഉപയോഗിക്കുന്നു എന്നത്
- കേൾവിപരിമിതിക്കൊപ്പം ഉണ്ടാകുന്ന മറ്റു വെല്ലുവിളികൾ.
-

8. **കുട്ടിയുടെ പുനഃരധിവാസ പ്രക്രിയയിൽ ആരൊക്കെ പങ്കാളികളാകണം?**

കുട്ടി,രക്ഷകർത്താക്കൾ/കുടുംബം, തെറാപിസ്റ്റ് എന്നിവരാണ് പുനരധിവാസപ്രക്രിയയിലെ പങ്കാളികൾ. രക്ഷാകർത്താക്കളെ കേന്ദ്രീകരിച്ചുള്ള സമീപനമാണ് എ.വി.ടി. ആയതിനാൽ മാതാപിതാക്കൾ കുട്ടിയുടെ സംസാര ഭാഷ വികസനത്തിൽ നിർണായകമായ പങ്കുവഹിക്കുന്നു. ജന്മനാൽ കേൾവിപരിമിതിയുള്ള കുട്ടികൾക്ക് അവരുടെ ശ്രവണേന്ദ്രിയങ്ങളെ

ഉത്തേജിപ്പിക്കുന്ന  തരത്തിൽ പരിശീലനം ആവശ്യമാണ്. അതുകൊണ്ടുതന്നെ എ.വി.ടി. യുടെ സാങ്കേതിക വശങ്ങളെ കുറിച്ച് രക്ഷാകർത്താക്കൾ ബോധവാന്മാരായിരിക്കണം. അതിലേക്കായി തെറാപ്പി സെഷനുകളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം നിർബന്ധമാണ്.

**9. ബഹുവിധ  വെല്ലുവിളികൾ ഉള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ സാധിക്കുമോ?**

കോക്ലിയർ ഇംപ്ലാന്റേഷൻ നടത്താൻ സാധിക്കുന്നതാണ്. എന്നാൽ ഇംപ്ലാന്റിന്റെ പരിണിതഫലത്തെ കുറിച്ച് രക്ഷാകർത്താക്കൾക്ക് പ്രായോഗികമായ പ്രതീക്ഷകൾ മാത്രമേ ഉണ്ടാകാൻ പാടുള്ളു. ഇത് പ്രധാനമായും കേൾവിക്കുറവിനോടൊപ്പമുള്ള  മറ്റു ശാരീരിക മാനസിക വെല്ലുവിളികളെയും ആശ്രയിച്ചിരിക്കുന്നു.

**10. എത്രനാൾ പരിശീലനം തുടരണം?**

കുട്ടിക്ക് പ്രായത്തിനനുസൃതമായ രീതിയിൽ സംസാരവും ഭാഷയും ആർജ്ജിക്കുന്നതുവരെ പരിശീലനം തുടരണം. പരിശീലനത്തിനു ശേഷമുള്ള കുട്ടിയുടെ സംസാര ഭാഷ വികസനം പൂർണമായും ആശ്രയിച്ചിരിക്കുന്നത് അവരുടെ ചുറ്റുപാടുമായാണ്. മുതിന്നവർ എത്രത്തോളം കൂടുതൽ അവരോടു സംഭാഷണത്തിൽ ഏർപ്പെടുന്നുവോ അത്രത്തോളം വിജയകരമായി കുട്ടികൾ ആശയവിനിമയം നടത്തുന്നു.

---

**കൂടുതൽ വിവരങ്ങൾക്ക് ബന്ധപെടുക:**

നിഡാസ് ടീം 0471–2944675

ആശ മനോഹരൻ, ഓഡിയോളജിസ്റ്റ്,
സ്പീച്ച് ലാംഗ്വേജ് പാതോളജിസ്റ്റ്,
നിഷ്, തിരുവനന്തപുരം 0471–2944647